ഇത്രയും കർഷകരുടെ തൊഴിൽനഷ്ടക്കാര്യം. അവർക്ക് പുകയിലക്കൃഷി വിട്ട് വേറെ വല്ല കൃഷിയും ചെയ്യാമല്ലോ.

ഇത്രയും വായിച്ചിട്ട്, പുകവലിക്കാരായ വായനക്കാരിൽ ആരെങ്കിലും പുകവലി നിർത്താൻ തീരുമാനിച്ചുവോ? നല്ലത്. എങ്കിൽ ഒരു സംഭവംകൂടി കേട്ടോളൂ:

ചുമയും ശ്വാസംമുട്ടുമുള്ള എന്റെ ഒരു യുവസ്നേഹിതൻ ഈയിടെ ഒരു വിദഗ്ധ ഡോക്ടറെ സമീപിച്ചു. വിസ്തരിച്ചുള്ള പരിശോധനകൾക്കുശേഷം, സ്നേഹിതന് ശ്വാസകോശങ്ങളിൽ ക്യാൻസറിന്റെ ആരംഭമാണെന്ന് ഡോക്ടർ വിധിച്ചു.

'ഞാൻ എന്തു ചെയ്യണം?' തളർന്നുപോയ സ്നേഹിതൻ ചോദിച്ചു.

'ചില മരുന്നുകൾ ഞാൻ തരാം. പക്ഷേ, ആദ്യമായി വേണ്ടത് പുകവലിനിർത്തുകയാണ്.' ഡോക്ടർ പറഞ്ഞു

'ഞാനോ? ഞാൻ പുകവലിക്കാറില്ലല്ലോ!' സ്നേഹിതന് അത്ഭുതമായിരുന്നു.

'എങ്കിൽ നിങ്ങളുടെ സ്നേഹിതന്മാർ പുകവലി നിർത്തണം.' ഡോക്ടർ പറഞ്ഞു.

നമ്മുടെ സമൂഹത്തിൽ പുകവലിക്കാത്തവർ ആരുമില്ല. ചിലർ സ്വയം പുകവലിക്കുന്നു. ഇവരെ 'ആക്ടീവ് സ്മോക്കർ' എന്നു വിളിക്കുന്നു. മററു പലരും ശ്വസിച്ചുവിട്ട പുക ഉള്ളിലാക്കുന്നവരാണ് അധികം ആളുകളും. 'പാസ്സീവ് സ്മോക്കർ' എന്നാണ് ഇവർ അറിയപ്പെടുന്നത്. സ്വയം പുകവലിക്കാത്ത ഇവർ, മററുള്ള പുകവലിക്കാർ നിമിത്തം, പുകവലിയുടെ ദ്രോഹം അനുഭവിക്കേണ്ടിവരുന്നു.

തിരക്കേറിയ തീവണ്ടിയിലോ, ബസ്സിലോ, തിയേററിലോ, നിങ്ങളുടെ അടുത്തു നിന്നും ഇരുന്നും കിടന്നും പുക ഊതി നിങ്ങളുടെ മുഖത്തേക്ക വിടുന്ന സമൂഹദ്രോഹിയെ നിങ്ങൾ എന്തുചെയ്യും? അയാളുടെ നെഞ്ചിൽ ഒരു കത്തി കുത്തിയിറക്കാനുള്ള മൗലികാവകാശം ഭരണഘടന നിങ്ങൾക്ക് അനുവദിക്കാത്ത കാലത്തോളം അന്യരുടെ ചെലവിൽ എച്ചിൽപുക വിഴുങ്ങി അതിന്റെ വരുംവരായ്കകൾ അനുഭവിക്കുകയല്ലാതെ നിങ്ങൾക്ക് വേറെ എന്തു ഗതി?

എനിക്കും?

23 മാർച്ച്, 1986

# 99. മയക്കുമരുന്നുകൾ

അണ്വായുധശേഖരംപോലെ ആധുനിക മനുഷ്യസമൂഹത്തെ ഭീഷണിപ്പെടുത്തുന്ന മറെറാരു മഹാ വിപത്താണ് മയക്കുമരുന്നുകൾ.

കറുപ്പിൽ (അവീനിൽ)നിന്നു് എടുക്കുന്ന ഹെറോയിൻ ആണ് ഇവയിൽ മുഖ്യം. വേദനയകററി ഉറക്കം നൽകുന്ന ഹെറോയിൻ ഒരിക്കൽ ഉപയോഗിച്ചാൽ വീണ്ടും വീണ്ടും ഉപയോഗിക്കാനുള്ള തൃഷ്ണ ഉളവാക്കുകയും താമസിയാതെ ഉപഭോക്താവിന്റെ ജീവിതലക്ഷ്യം ഹെറോയിൻ ഉപയോഗിക്കലായി മാറുകയും ചെയ്യുന്നു. ഇങ്ങനെ അടിമത്തം ഉളവാക്കുന്നതാകയാൽ ഈ ഔഷധം വൈദ്യശാസ്ത്രത്തിൽ ഉപയോഗപ്പെടുത്തുന്നില്ല.

വെളുത്ത പൊടിയായി കിട്ടുന്ന ഹെറോയിൻ മൂക്കിൽ വലിച്ചോ, തൊലിക്കകത്തോ നേരിട്ട് രക്തത്തിലോ ഇൻജെക്ട്ചെയ്തോ ഉപയോഗി

ക്കാം. പതിവുസമയത്തു് ഉപയോഗിക്കാതിരുന്നാൽ ഉപഭോക്താവിനു് മേൽക്കഴപ്പു്, അതിസാരം, മാംസപേശികളിൽ വേദന, മനംപുരട്ടൽ മുതലായ ശാരീരികബാധകളും, കലശലായ മാനസിക വിഭ്രാന്തിയും ഉളവാകുന്നു. അല്പം ഹെറോയിൻ സമ്പാദിക്കാൻവേണ്ടി മോഷണം, വ്യഭിചാരം, കൊല മുതലായ എന്തു് അകൃത്യവും ചെയ്യാൻ ഉപഭോക്താവു് മടിക്കുകയില്ല. തുടർച്ചയായി ഹെറോയിൻ ഉപയോഗിക്കുന്നവർക്കു് വ്യക്തിത്വം, ശാരീരികാരോഗ്യവും, മനസ്സിന്റെ സമനിലയും, മനുഷ്യത്വംതന്നെയും നഷ്ടപ്പെടുന്നു; അവർ തികച്ചും മൃഗങ്ങളായി മാറുന്നു. അതിനാൽ അമേരിക്കപോലെ പല രാജ്യങ്ങളും ഹെറോയിന്റെ ഇറക്കുമതി നിരോധിച്ചിരിക്കുന്നു.

പോപ്പി എന്ന ചണമ്പുവർഗ്ഗത്തിൽപ്പെട്ട ഒരുതരം ചെടിയിൽനിന്നാണു് കറുപ്പു് ഉണ്ടാക്കുന്നതു്. കാലവർഷത്തിനുശേഷം ഒക്ടോബർ–നവംബർ മാസങ്ങളിൽ പോപ്പിക്കൃഷി ആരംഭിക്കുന്നു; ജനുവരി–മാർച്ചു് മാസങ്ങളിൽ വിളവെടുപ്പു നടക്കുന്നു. മെയ്മാസത്തിൽ കച്ചവടക്കാർ കർഷകരെ സമീപിച്ചു് കറുത്ത പശപോലെ ഒട്ടുന്ന കറുപ്പു് വാങ്ങി സംഭരിക്കുന്നു. ഇതു സംസ്കരിച്ചു് വെളുത്ത ഹെറോയിൻ ആക്കി മാററുന്നതു് ഫാക്ടറികളിലാണു്. ഇന്ത്യയിൽ ഹിമാലയച്ചെരുവിലുള്ള സംസ്ഥാനങ്ങളിൽ സർക്കാർ നിയന്ത്രണത്തിൽ പോപ്പിക്കൃഷിയും കറുപ്പുനിർമ്മാണവും സംസ്കരണവും നടക്കുന്നുണ്ടു്. എന്നാൽ, കറുപ്പുനിർമാണത്തിന്റെ ലോകകേന്ദ്രങ്ങൾ രണ്ടാണു്: 'സ്വർണ്ണചന്ദ്രക്കല'യും 'സ്വർണത്രികോണ'വും.

ഇപ്പോൾ പാകിസ്ഥാനിൽപ്പെട്ട വടക്കുപടിഞ്ഞാറെ അതിർത്തി സംസ്ഥാനം, അഫ്ഘാനിസ്ഥാൻ, ഈറാൻ എന്നിവ അടങ്ങുന്ന ഭൂപ്രദേശമാണു് 'സ്വർണചന്ദ്രക്കല.' ഈ പ്രദേശത്തു് 1978–79–ൽ എണ്ണൂറു ടൺ കറുപ്പു് ഉണ്ടാക്കിയത്രേ. കറുപ്പുനിർമാണം നിയന്ത്രിക്കുന്നതിനു് സർക്കാർ നടത്തുന്ന ശ്രമങ്ങളുടെ ഫലമായി, 1983–84–ൽ ഈ പ്രദേശത്തുള്ള ഉല്പാദനം നാല്പത്തിനാലു ടൺ ആയി കുറഞ്ഞുവെന്നു് പാകിസ്ഥാൻ ഗവണ്മെൻറു് അവകാശപ്പെടുന്നു. പാകിസ്ഥാൻ ആണു്, ഏതായാലും 'സ്വർണചന്ദ്രക്കല'യുടെ കേന്ദ്രസ്ഥാനം. യൂറോപ്പിലേക്കും അമേരിക്കയിലേക്കും ഹെറോയിൻ ഒളിച്ചു കടത്തുകയെന്ന ആദായകരമായ വ്യാപാരത്തിന്റെ കേന്ദ്രവും പാകിസ്ഥാൻതന്നെ.

വിപ്ലവത്തിനുശേഷം ഈറാനിൽ പലേടത്തും സാധാരണ ഭരണം നിലവിലില്ലാതായിരിക്കുന്നു. അഫ്ഘാനിസ്ഥാൻ ഒരു ആഭ്യന്തര സമരത്തിന്റെ ചുഴിയിൽപ്പെട്ടു കറങ്ങുകയാണു്. ഇവിടങ്ങളിൽ കർഷകർ പോപ്പിക്കൃഷി നടത്തി കറുപ്പുണ്ടാക്കുന്നതിൽ അത്ഭുതമില്ല. ഈ കറുപ്പു വാങ്ങിക്കൊണ്ടുവന്നു് ഹെറോയിൻ ആക്കിമാററുന്നതു് പാകിസ്ഥാനിലെ അതിർത്തിസംസ്ഥാനത്തുള്ള സാഹസശീലരായ പഠാൻമാരാണു്. ഹെറോയിൻ പിന്നീടു ലോകത്തിലെങ്ങും വിതരണംചെയ്യപ്പെടുന്നു. 1983–ൽ കളവായി പാകിസ്ഥാനിൽനിന്നു പുറത്തു കടത്തുകയായിരുന്ന ആയിരത്തെണ്ണൂറു കിലോഗ്രാം ഹെറോയിൻ പാകിസ്ഥാൻ ഗവണ്മെൻറു് പിടിച്ചെടുക്കുകയുണ്ടായി.

മയക്കുമരുന്നുകൾ നിർമിക്കപ്പെടുന്ന സ്ഥലങ്ങളിൽ അതിന്റെ ഉപയോഗം വർദ്ധിച്ചുവരാതിരിക്കുകയില്ല. ഇസ്ലാം മതം മയക്കുമരുന്നുകൾക്കെതിരെ കർശനങ്ങളായ വിലക്കുകൾ പുലർത്തുന്നുണ്ടെങ്കിലും, പാകിസ്ഥാനിൽ ഹെറോയിന്റെ ഉപയോഗം പെരുകിക്കൊണ്ടിരിക്കുകയാണു്. ഇതിനെതിരായി കർശന നടപടികൾ പാകിസ്ഥാനിലെ പട്ടാളഭരണകൂടം കൈക്കൊള്ളുന്നുണ്ടു്. ഹെറോയിൻ അനധികൃതമായി വില്ക്കുന്നവർക്കു മരണശിക്ഷ നൽകാൻ സിയാ ഉൽഹക്കിന്റെ ഗവണ്മെൻറു് ആലോചിച്ചുവരുകയാണു്.

സമ്പന്നരാജ്യങ്ങളിലെ യുവജനങ്ങൾ, പ്രത്യേകിച്ചും വിദ്യാർത്ഥികൾ വലിയ തോതിൽ ഹെറോയിന്റെ അടിമകളായിക്കൊണ്ടിരിക്കുന്നു. ഹെറോയിൻവ്യാപാരത്തിലേർപ്പെട്ട കള്ളവ്യാപാരികളുടെ ഒരു സാമ്രാജ്യംതന്നെ ലോകവ്യാപകമായി ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. എന്തു് അക്രമംചെയ്യാനും ഇവർക്ക മടിയില്ല. കൊലയാളികളുടെ പല സൈന്യവിഭാഗങ്ങൾ ഇവരുടെ ശമ്പളത്തിൽ വ്യത്യസ്ത രാജ്യങ്ങളിൽ നിലനിന്നു വരുന്നു.

ഒരൊററ രാജ്യത്തിനുള്ളിൽവെച്ച് ഈ തിന്മയുടെ സാമ്രാജ്യത്തെ എതിർക്കുക ഫലപ്രദമല്ല. അതിനാൽ, ഐക്യരാഷ്ട്രസമിതിയുടെ ആഭിമുഖ്യത്തിൽ, മൂന്നുകോടി ഡോളർ ചെലവുചെയ്തു മയക്കമരുന്നുകൾക്കെതിരായ ഒരു പ്രസ്ഥാനം ഇപ്പോൾ നടത്തിവരുന്നുണ്ട്. കറുപ്പുകൃഷിപ്രദേശങ്ങളിലെ കർഷകരെ മററു വിളവുകൾ കൃഷിചെയ്യാൻ പ്രോത്സാഹിപ്പിക്കുകയാണ് ഈ പ്രസ്ഥാനത്തിന്റെ ഒരു ഭാഗം. ആസ്ട്രിയയിലെ വിയന്ന ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ പ്രസ്ഥാനം പാകിസ്ഥാനിലെ കൃഷിക്കാരെ കറുപ്പുകൃഷിയിൽനിന്നു പിന്തിരിപ്പിക്കുവാനായി അവർക്ക മററു കൃഷികളിൽ പരിശീലനം, ജലസേചനം, സാമൂഹ്യവികസനസേവനങ്ങൾ മുതലായവ നൽകാൻ വരുന്ന അഞ്ചാണ്ടുകളിൽ മൂന്നു കോടി ഡോളർ ചെലവഴിക്കുന്നതായിരിക്കും.

തായ്‌ലാണ്ട്, ബർമ, ലാവോസ് എന്നീ രാജ്യങ്ങൾ ഉൾപ്പെട്ട 'സ്വർണത്രികോണ' മാണ് ലോകകറുപ്പുകൃഷിയുടെ മറെറാരു കേന്ദ്രം. കറുപ്പുകൃഷിയെ നിരുത്സാഹപ്പെടുത്തുന്നതിൽ ഒരളവുവരെ തായ്‌ലണ്ട് വിജയിച്ചിട്ടുണ്ടത്രേ. എന്നാൽ, ബർമയിലെ ഷാൻ സ്റ്റേററിന്റെ തലസ്ഥാനമായ തൗങ്ഗ്യി പട്ടണം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ലോക–മയക്കമരുന്ന്–രാജാക്കന്മാരെ അമർച്ചചെയ്യുവാൻ ബർമാ സർക്കാരിനു സാധിച്ചിട്ടില്ല. 'സ്വർണത്രികോണ'ത്തിന്റെ കേന്ദ്രം ഇപ്പോൾ, റംഗൂണിൽനിന്ന് 432 കി. മീ . വടക്ക് ബർമയുടെയും തായ്‌ലണ്ടിന്റേയും ലാവോസിന്റേയും അതിർത്തിയിലുള്ള തൗങ്ഗ്യിനഗരമാണ്. ലോകത്തിലാകെ ഉണ്ടാക്കുന്ന കറുപ്പിൽ (ഇതു് ഏകദേശം ആയിരത്തഞ്ഞൂറു ടൺവരും) പകുതിയും ഇവിടെ ശേഖരിക്കപ്പെടുന്നു. പഴയ കോമിന്താങ് ചൈനയിൽനിന്നു നാടുകടത്തിയവരും, ബർമയിലെ കമ്യൂണിസ്റ്റ് ഒളിപ്പടയാളികളും, അന്താരാഷ്ട്രീയ–സാമൂഹ്യ വിരുദ്ധരും എല്ലാം ലാഭകരമായ ഈ വ്യാപാരത്തിൽ പങ്കാളികളാണ്. ബർമയിലെ തേക്കിൻകാടുകളിലൂടെ, കോവർക്കഴുതപ്പുറത്തു കയററി, സൈനികരുടെ അകമ്പടിയുമായി, ഈ കറുപ്പത്രയും രഹസ്യ–സംസ്കരണ ശാലകളിലെത്തിച്ച് ഹെറോയിൻ ആക്കി മാററുന്നു. തായ്‌ലാണ്ടിൽനിന്നും കമ്പൂച്ചിയയിൽനിന്നും ഇതു വിദേശങ്ങളിലേക്ക് ഒളിച്ചുകയററുന്നു. ബർമയിൽമാത്രം ആണ്ടിൽ അറുനൂറു ടൺ വരെ കറുപ്പ് ഉണ്ടാക്കുന്നുണ്ടത്രേ. ഇതിൽനിന്ന് അറുപതു ടൺ ശുദ്ധമായ ഹെറോയിൻ ഉൽപാദിപ്പിക്കാം.

അമേരിക്കയിൽ ഹെറോയിന്റെ അടിമകളായി അഞ്ചുലക്ഷം ആളുകളുണ്ടെന്നാണ് സർക്കാർ കണക്ക്. ബർമയിൽ കളവായി നടക്കുന്ന ഹെറോയിൻ–കറുപ്പ് ഉൽപാദനം നിയന്ത്രിക്കാനായി അമേരിക്ക 1974–ൽ ബർമാ ഗവണ്മെൻറിന് ഇരുപത്തേഴ ഹെലിക്കോപ്ടറുകളും ആറു വിമാനങ്ങളും കൊടുത്തു; ആണ്ടുതോറും അമ്പതുലക്ഷം ഡോളർ സൗജന്യമായി നൽകിക്കൊണ്ടിരിക്കുകയുംചെയ്യുന്നു. പക്ഷേ, ബർമയിൽ, ഇന്നത്തെ രാഷ്ട്രീയ–കാലാവസ്ഥയിൽ, കറുപ്പുകൃഷി ആണ്ടോടാണ്ടു വർദ്ധിച്ചുവരുകയാണ്. ഒരു മയക്കമരുന്നുരാജാവായ ഖുൻസാ എന്ന ബർമാക്കാരനെതിരെ കഴിഞ്ഞ ആണ്ടിൽ നടത്തിയ മൂന്നു ദിവസം നീണ്ട ഒരു യുദ്ധത്തിൽ ബർമയിലെ ഒമ്പതു പട്ടാളക്കാർ മരിക്കുക

യും മുപ്പത്തിനാലു പട്ടാളക്കാർക്കു പരുക്കേല്ക്കുകയുംചെയ്തു. ഖുൻസാ തായ്‌ലണ്ടിലേക്കു കടന്നു രക്ഷപ്പെട്ടു. ഈയാളുടെ സ്വകാര്യ സൈന്യത്തിൽ നാലായിരത്തോളം പട്ടാളക്കാർ ഉണ്ടത്രേ. ഇവരെല്ലാം മയക്കമരുന്നു—കള്ളക്കടത്തുകാർ കൂടിയാണ്. ബർമീസ് കമ്യൂണിസ്റ്റ്പാർട്ടിക്കു കീഴിലുള്ള പതിനയ്യായിരത്തോളം ഗറില്ലാ ഭടന്മാരും മയക്കമരുന്നു വ്യാപാരത്തിൽ പങ്കാളികളാണ്. ചൈനീസ് അതിർത്തിയിൽ ബർമയിലെ ആറു നഗരങ്ങൾ നിയന്ത്രിക്കുന്നതു് ഇവരാണത്രേ. ബർമയിലെന്നപോലെ തായ്‌ലണ്ടിലും ലാവോസിലുമുണ്ട് സുശക്തങ്ങളായ മയക്കമരുന്നു—വ്യാപാരി സംഘടനകളും ഹെറോയിൻ സംസ്കരണശാലകളും.

'സ്വർണ്ണത്രികോണം' ഹെറോയിൻ ഉണ്ടാക്കി കയററിയയയ്ക്കുക മാത്രമല്ല ചെയ്യുന്നതു്, ഉണ്ടാക്കുന്ന ഹെറോയിനിൽ വളരെ വലിയ ഒരു ഭാഗം ആ പ്രദേശത്തുതന്നെ ചെലവാകുന്നു. അമേരിക്കയിൽ ആകെയുള്ള മയക്കമരുന്ന്—ഉപഭോക്താക്കളേക്കാൾ അധികം ആളുകൾ കൊച്ചുതായ്‌ലണ്ടിൽ മയക്കമരുന്നുകൾക്കു് അടിമകളായി ഉണ്ടത്രേ. ഹോങ്കോങ്, മലേഷ്യ മുതലായ പ്രദേശങ്ങളിലും മയക്കമരുന്നുപയോഗം വ്യാപകമായിട്ടുണ്ട്.

ഇന്ത്യയിലോ? സാധാരണയിൽനിന്നു ഇരട്ടി കൂടുതൽ കറുപ്പ് ഉൽപാദിപ്പിക്കുന്ന ഒരു തരം പോപ്പിച്ചെടി ഇന്ത്യയിലെ കൃഷിവിദഗ്ധർ ഈയിടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇന്ത്യയിൽ കറുപ്പിൻെറ ഉൽപാദനവും സംസ്കരണവും കേന്ദ്രഗവണ്മെൻറിൻെറ മേൽനോട്ടത്തിലാണ്. എങ്കിലും ഉൽപാദിപ്പിക്കുന്ന കറുപ്പിൻെറയും അതിൽനിന്നുള്ള ഉല്പന്നങ്ങളുടെയും വലിയ ഒരു ഭാഗം കരിഞ്ചന്തയിലെത്തുന്നുണ്ടാവണം. അടുത്തകാലത്തു്, അഫ്ഘാൻ അഭയാർത്ഥികൾ, ഇറാൻ അഭയാർത്ഥികൾ, പാകിസ്ഥാനി നുഴഞ്ഞുകയററക്കാർ മുതലായവർ ദൽഹിയിലും മററു് ഉത്തരേന്ത്യൻ നഗരങ്ങളിലും പെരുകിയിട്ടുണ്ട്. ഇവരിൽ പലരും മയക്കമരുന്ന് കള്ളക്കടത്തുകാർകൂടിയാണ്. അങ്ങനെ പല കാരണങ്ങൾകൊണ്ടും, ലോക മയക്കമരുന്നുവ്യാപാരത്തിൻെറ കേന്ദ്രം, ക്രമേണ ഇന്ത്യയിലേക്കു മാറിക്കൊണ്ടിരിക്കുകയാണ്.

ദൽഹിയിലും, അതുപോലെ മററു പല ഇന്ത്യൻ നഗരങ്ങളിലും, വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ മയക്കമരുന്നുപയോഗം ആപല്ക്കരമാംവിധം വർദ്ധിച്ചുവരുന്നതായും റിപ്പോർട്ടുകളുണ്ട്. മയക്കമരുന്നിനു് അടിമകളായ ഒട്ടേറെ യുവജനങ്ങൾ തിരുവനന്തപുരം നഗരത്തിലുണ്ടത്രേ.

ഹെറോയിൻപോലെ മാരകമല്ലെങ്കിലും, അത്യന്തം ദോഷകരമായ മറെറാരു മയക്കമരുന്നാണ് കൊക്കെയിൻ. തെക്കേ അമേരിക്കയിൽ, മുഖ്യമായും ബ്രസീലിൽ, കൃഷിചെയ്യുന്ന 'കോക' എന്ന ഒരു ചെടിയുടെ ഇലയിൽനിന്നെടുക്കുന്ന ഈ ഔഷധം രോഗികളെ ശസ്ത്രക്രിയയ്ക്കു മുമ്പു ബോധംകെടുത്താൻ മുൻകാലങ്ങളിൽ ഡോക്ടർമാർ ഉപയോഗിച്ചിരുന്നു. ചായയുടെ മണമുള്ള കോക ഇലകൾ ചവച്ചാൽ നാവ് തരിക്കും. ഇന്ത്യക്കാർ വെററില ഉപയോഗിക്കുംപോലെ പണ്ടു് അമേരിന്ത്യക്കാർ കോക ഇല ചുണ്ണാമ്പുതേച്ചു ചവച്ചിരുന്നു.

കൊക്കെയിൻ മൂക്കിൽ വലിക്കുകയോ തിന്നുകയോ ശരീരത്തിൽ കുത്തിവെക്കുകയോചെയ്താൽ ഉപഭോക്താവിനു തൽക്കാലം സൗഖ്യബോധവും ഊർജ്ജവും ആവേശവും ഉന്മേഷവും ലഭിക്കുന്നു. പക്ഷേ, ഈ ഉന്മേഷം ഉപഭോക്താവിനെ ക്രമേണ വിഷാദത്തിലേക്കു നയിക്കുന്നു. തുടർച്ചയായി ഉപയോഗിക്കുന്ന കൊക്കെയിൻ ഉപഭോക്താവിനെ അടിമയാക്കി മാററുന്നു. കൊക്കെയിൻ സ്ഥിരമായി ഉപയോഗിക്കുന്നവർ സംശയാലുക്കളും ഭീരുക്കളുമായിത്തീരുന്നു; ഇല്ലാത്ത വസ്തുക്കൾ കാണുകയും ശബ്ദങ്ങൾ

കേരാക്കകയുംചെയ്യുന്നു. ക്രമേണ തങ്ങൾക്കും അന്യർക്കും കഠിനമായ ദ്രോഹം വരുത്തിവയ്ക്കുന്നു.

ബ്രസീലിൽനിന്ന് കൊക്കെയിൻ അമേരിക്കയിലേക്ക കടത്തുന്നതിനെതിരായി പല നടപടികളും അമേരിക്കൻ ഗവണ്മെൻറ് കൈക്കൊണ്ടിട്ടുണ്ട്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം, ഹെറോയിൻപോലെ ഒരു ഭീഷണിയല്ല കൊക്കെയിൻ.

പരിമിതമായ അളവിൽ ഉപയോഗിക്കുന്ന കഞ്ചാവ് ആരോഗ്യത്തിനു ഹാനികരമല്ലെന്ന് 1971–ൽ അമേരിക്കയിലെ നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഹെൽത്ത് പ്രസ്താവിക്കുകയുണ്ടായി. എങ്കിലും, കൂടുതൽ പഠനങ്ങൾക്കുശേഷമേ ഇക്കാര്യത്തിൽ ഒരു വിധി കല്പിക്കാൻ കഴിയൂ എന്നും അവർ പറഞ്ഞു. കഞ്ചാവ് കൃഷിചെയ്യുന്നതും കൈവശം വയ്ക്കുന്നതും ഉപയോഗിക്കുന്നതും, വില്ക്കുന്നതും അമേരിക്കയിൽ നിയമംമൂലം നിരോധിച്ചിട്ടുണ്ട്.

ഔഷധമായും ലഹരിക്കുവേണ്ടിയും ഇന്ത്യാക്കാരും ചീനക്കാരും പണ്ടുമുതൽ കഞ്ചാവ് പല രൂപത്തിൽ ഉപയോഗിച്ചുവന്നു. 1960–കളിലാണ് അമേരിക്കയിൽ യുവാക്കൾക്കിടയിൽ കഞ്ചാവിൻെറ ഉപയോഗം പടർന്നു പിടിച്ചത്. ഇന്ത്യയിലെ യുവാക്കൾക്കിടയിൽ കഞ്ചാവിൻെറ ഉപയോഗം വ്യാപകമാകുന്നതിനു കാരണമായതു് അമേരിക്കൻ ഹിപ്പികളുടെ പ്രവാഹമായിരുന്നു.

ഇപ്പോൾ കേരളത്തിലെ ഇടുക്കിജില്ല ലോകകഞ്ചാവുല്പാദനത്തിൻെറ കേന്ദ്രമായിരിക്കുകയാണ് എന്നു് പറയപ്പെടുന്നു. കേരള ഗവണ്മെൻറിൻെറ ഉദാരമായ ഗജനിമീലികാനയത്തിനുകീഴിൽ, വ്യാപകങ്ങളായ കള്ളക്കഞ്ചാവുതോട്ടങ്ങൾ ഈ ജില്ലയിൽ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടെന്ന് മലയാളപത്രങ്ങൾ പ്രസ്താവിക്കുന്നു. കഞ്ചാവിൽനിന്ന് ഒരുതരം തൈലം സംസ്കരിച്ചെടുക്കുന്നതിനുള്ള അത്യാധുനിക ഫാക്ടറികൾ അവിടെ നിലവിലുള്ളതായും പറയപ്പെടുന്നു. ഈ തൈലം ഒരു തുള്ളി സിഗരററിൽ ഇററിച്ച് വലിക്കുകയോ, സൂചിമുനകൊണ്ടു തൊലിക്കകത്തേക്കു കടത്തിവിടുകയോചെയ്യാം. കൊച്ചി തുറമുഖത്തുനിന്ന് വലിയതോതിൽ കഞ്ചാവ് കളവായി വിദേശങ്ങളിലേക്കു കടത്തുന്നതിനുള്ള ശ്രമങ്ങൾ ഈയിടെ കണ്ടുപിടിക്കപ്പെടുകയുണ്ടായി. എന്നിട്ടും കേരള സർക്കാരോ കേന്ദ്രഗവണ്മെൻേറാ കേരളത്തിലെ കഞ്ചാവുകൃഷിയെപ്പററി അറിഞ്ഞ ലക്ഷണമൊന്നുമില്ല. ജനങ്ങൾ ഉണരുകയും, ഈ ആപത്തിനെതിരെ സംഘടിച്ചു പൊരുതുകയുംചെയ്യുന്നില്ലെങ്കിൽ കേരളം അധികം താമസിയാതെ ഒരു അന്താരാഷ്ട്രീയ കുററകേന്ദ്രമായി മാറിക്കൂടായ്കയില്ല.

27 മാർച്ച്, 1985

# 100. ആത്മഹത്യ

'അയൽവാസികളും സുഹൃത്തുക്കളുമായ രണ്ടു ചെറുപ്പക്കാർ ശനിയാഴ്ച രാത്രി പാസ്സഞ്ചർ വണ്ടിക്കു തലവെച്ച് ആത്മഹത്യചെയ്തു. മരിച്ച പ്രകാശനും മണിയനും ഇരുപത്തൊന്നു വയസ്സേ ആയിട്ടുള്ളു. തൊഴിൽ കിട്ടാത്ത നിരാശയാണ് മരണകാരണമെന്നു കരുതുന്നു.'

'അറുപത്തെട്ടു വയസ്സായ ഭാസ്കരൻപിള്ള ദേഹത്തു മണ്ണെണ്ണയൊഴിച്ച്